13-ാം നൂറ്റാണ്ടിലെ ചില പെന്റിംഗുകൾ കണ്ടു - കോടിക്കണക്കിനു റൂബിൾ വില മതിക്കും അവയ്ക്ക്.

ലിയോണാർഡോ ഡാവിഞ്ചിയുടെ Madonna And Child (The Litta Madonna) എന്ന പ്രശസ്തമായ പെയിന്റിംഗ് കണ്ടു. അമ്മയുടെ മടിയിലിരുന്ന് അമ്മിഞ്ഞ നുകരുന്ന ഉണ്ണി. മുഖം നിറയെ വാത്സല്യവുമായി അമ്മ.........

ജോൺ ഗിബ്സൺന്റെ Psyche and Zephyrs എന്ന മാർബിൾ ശിൽപത്തിൽ നിന്നും കണ്ണെടുക്കാനായില്ല - നഗ്നരും, ചെറുപ്പക്കാരുമായ രണ്ടു മാലാഖമാർ സുന്ദരിയായ യുവതിയെ തോളിലേറ്റിക്കൊണ്ടുപോകുന്നു...........

മനോഹരമായ ചിത്രപ്പണി ചെയ്ത, വൃത്താകൃതിയിലുള്ള ഒരു ടേബിൾ കണ്ടു. Mosaic table with the Appollo and the Muses" എന്നാണ് ആ ടേബിളിലെ ചിത്രത്തിന്റെ പേര്. കല്ല്, മരം, ലോഹം എന്നിവയാണ് ടേബിളിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ. ധാരാളം പൂക്കളും ഇലകളും വള്ളികളും ആ ടേബിളിൽ ചേതോഹരമായ ഒരു പാറ്റേൺ നിർമ്മിച്ചു.

വെളുത്ത മാർബിളും സ്വർണ്ണം പൂശിയ മെറ്റലുമുപയോഗിച്ച് വലിയൊരു സ്റ്റാൻഡ്, അതിൽ വൃത്താകൃതിയിലുള്ള ക്ലോക്ക്. ക്ലോക്കിന്റെ ഇരു വശത്തുമായി സ്വർണ്ണ വർണ്ണത്തിലുള്ള അർദ്ധ നഗ്നരായ യുവാവും യുവതിയും. ഘടികാരത്തിനു മുകളിലൂടെ രണ്ടുപേരും 'ആർക്ക്' പോലെ കൈകൾ പിണച്ചു വച്ചിരിക്കുന്നു. യുവാവ് യുവതിയുടെ താടി പിടിച്ചു താലോലിക്കുന്നതും കാണാം. രണ്ടുപേരുടേയും മുഖത്ത് പ്രണയത്തിന്റെ വേലിയേറ്റം. എത്ര മനോഹരമായ ശിൽപം!

Madona and child with Saints എന്ന പെയിന്റിംഗും ചേതോഹരമായിരുന്നു. അമ്മയുടെ മടിയിലിരിക്കുന്ന ഉണ്ടക്കുട്ടൻ. അവന് നൂൽബന്ധമില്ല. ഇടത്തേ കയ്യിൽ ഗ്ലാസ്സ് കൊണ്ടുണ്ടാക്കിയ ബോളും പിടിച്ചിരിക്കുകയാണ്. കയ്യിൽ പുസ്തകവുമായി, ധാരാളം ഞൊറികളുള്ള നീണ്ട 'ളോഹ' അണിഞ്ഞ സെയ്ന്റ്സ്. ഗിറ്റാറിന്റേയും വയലിന്റേയും പുരാതനരൂപങ്ങളുമായി രണ്ടു ഗായികമാരും. ഇതൊക്കെ പെയിന്റിംഗ് തന്നെയാണോ എന്ന് സന്ദേഹം തോന്നും.

അത്രയും ജീവസ്സും, തേജസ്സും, ഓജസ്സുമുള്ള ചിത്രങ്ങൾ. മഡോണയുടെ മടിയിൽ തുറന്ന് വെച്ച ഒരു പുസ്തകമുണ്ട് അതിലെ നടുവിലുള്ള ചില പേജുകൾ എഴുന്നു നിൽക്കുന്നു. (Saints ന്റെ പേര് Lawrence and Jerome എന്നാണെന്ന് പെയിന്റിംഗിനടിയിൽ കുറിപ്പുണ്ടായിരുന്നു.)

ഒരു ചെറുപ്പക്കാരൻ കാട്ടു പന്നിയോടൊപ്പം നിൽക്കുന്ന മാർബിൾ ശിൽപം എന്നെ ഹഠാകർഷിച്ചു. പന്നി അയാളെ ആക്രമിക്കുകയാണോ അതോ ആ ജന്തു അയാളുടെ പെറ്റ് ആയിരുന്നോ എന്നു വ്യക്തമല്ല. ചെറുപ്പക്കാരന്റെ ചുരുൾമുടി തലയ്ക്കുചുറ്റും പാറിപ്പറന്നു കിടക്കുന്നതു കണ്ടാൽ, മാർബിളിൽ തലമുടി കൊത്തിവയ്ക്കാൻ പറ്റുന്നതെങ്ങനെഎന്ന് നമ്മുടെ മനസ്സിൽ ചോദ്യമുയരും. ആ മുടിച്ചുരുളുകൾ കൊത്തി വയ്ക്കാൻ ശിൽപി എത്ര ദിവസമെടുത്തു കാണും! അയാളുടെ തോളത്ത് അലക്ഷ്യമായി ഇട്ടിരിക്കുന്ന വസ്ത്രത്തിന്റെ തുമ്പ് നഗ്നത ഒരു പരിധിയോളം മറയ്ക്കുന്നുണ്ട്. ഈ വസ്ത്രം തോളത്തുനിന്ന് ഇപ്പൊ ഊർന്നു നിലത്തു വീഴുമെന്നു തോന്നും.

ഒരു കയ്യിൽ മധുചഷകവുമായി ചാരിക്കിടക്കുന്ന നഗ്നയായ യുവതി. പക്ഷെ കാലുകളും കൈകളും പ്രത്യേക പൊസിഷനിൽ കൊത്തി വച്ചിരിക്കുന്നതു കൊണ്ട് ''നഗ്നത'' വിദഗ്ധമായി മറച്ചിട്ടുമുണ്ട്.

CUPID with Doves എന്ന അതിമനോഹരമായ മാർബിൾ ശിൽപവും എനിക്കിഷ്ടമായി. 8-10 വയസ്സുള്ള നഗ്നനായ ആൺ മാലാഖക്കുട്ടൻ. അവന്റെ ഇടത്തെ കയ്യിൽ ഒരു ധാന്യ ബൗൾ ഉണ്ട്. വലത്തെ തുടയിലിരിക്കുന്ന രണ്ടു പ്രാവുകളിലൊന്ന് പാത്രത്തിൽ നിന്നും ധാന്യം കൊത്തിത്തിന്നുന്നു. പയ്യന്റെ ആവനാഴിയിലെ അമ്പുകളും കാണാം.

Sea Nymph എന്ന സുന്ദരിയായ സ്ത്രീ രൂപം, കുഞ്ഞിനെമടിയിൽ കിടത്തി ഉറക്കുന്ന അമ്മ, പല പ്രായത്തിലും പോസിലുമിരിക്കുന്ന മാലാഖമാർ, പല തരത്തിലുള്ള, പല വർണ്ണത്തിലുള്ള കല്ലുകൾ കൊണ്ടു നിർമ്മിച്ച പല ആകൃതിയിലുള്ള പൂപ്പാലികകൾ, മനോഹരമായ തൂണുകൾ, കോണിപ്പടികൾ, വിളക്കുകാലുകൾ, ശരറാന്തലുകൾ, Landscape with a rainbow എന്ന പെയിന്റിംഗ്, The Union of Earth and Water എന്ന പെയിന്റിംഗ് എന്നിവയൊക്കെ കണ്ടു. കുറേ ശിൽപങ്ങളുടേയും പെയിന്റിംഗിന്റേയും ചുവട്ടിൽ റഷ്യൻ ഭാഷയിലാണ് അടിക്കുറിപ്പുകൾ എഴുതിവച്ചിരിക്കുന്നത്. അതു കൊണ്ട് ''ഞമ്മക്കൊന്നും പുടികിട്ടീല'' എന്ന് കോയ്ക്കോട്ടുകാരിയായ ഞാൻ!

ചങ്ങലക്കിട്ട വലിയൊരു നായ; അവന്റെ മുൻപിൽ എല്ലും മാംസവും കാണുന്ന തരത്തിൽ ആഹാരം. ബാക്ക് ഗ്രൗണ്ടിൽ മരം കൊണ്ടു നിർമ്മിച്ച പട്ടിക്കൂട്; ജലാശയത്തിൽ നിന്നും വെള്ളം കുടിക്കുന്ന പശു; പീറ്റർ ആൻഡ് പോൾ കത്തീഡ്രലിന്റെ ഗോപുരവും വിദൂരതയിൽ.

ഡച്ച് ആർട്ടിസ്റ്റ് റെംബ്രാന്റിന്റെ വിഖ്യാതമായ DANAE എന്ന ചിത്രം - പെയിന്റിംഗ് കണ്ടു. നഗ്നയായ മദ്ധ്യവയസ്കയായ ഒരു സ്ത്രീ കട്ടിലിൽ ചരിഞ്ഞു കിടക്കുന്നു. 1636 ലാണ് റെംബ്രാന്റ് ഇതു വരച്ചത്. മുറിയിലെ അരണ്ട വെളിച്ചം അവരുടെ കാലുകൾ മൂടിയിരിക്കുന്ന സുതാര്യമായ പട്ടു വസ്ത്രം, കർട്ടനു പുറകിൽ പാതി മറഞ്ഞു നിൽക്കുന്ന പരിചാരിക എന്നു തോന്നിക്കുന്ന സ്ത്രീരൂപം, മുറിയുടെ ഒരു മൂലയിൽ നിന്നും എത്തിനോക്കുന്ന Cupid - ചിലപ്പോൾ ഈ സ്ത്രീ ഭർത്താവിന്റെ വരവും പ്രതീക്ഷിച്ചു കിടക്കുകയായിരിക്കും. പൊക്കിളിനു താഴെ Fat കൂടിയിട്ടുണ്ട് എക്സർസൈസിന്റെ നല്ല കുറവുണ്ട്! റെംബ്രാന്റ് 1640 ൽ ഈ ചിത്രത്തിൽ ചില്ലറ മാറ്റങ്ങൾ വരുത്തി

ഈ ചിത്രത്തെപ്പറ്റി ഞങ്ങളുടെ ഗൈഡ് പറഞ്ഞതിങ്ങനെ- ''ആ കിടക്കുന്നത് ഡനായ് എന്ന വസന്തദേവതയാണ് (ഡച്ച്) [illegible] സിയൂസിന്റെ വരവും

പ്രതീക്ഷിച്ചാണ് അവർ ശയിക്കുന്നത്. റെംബ്രാന്റിന്റെ ഏറ്റവും വിലകൂടിയ പെയിന്റിംഗാണിത്''.

റെംബ്രാന്റിന്റെ ''ഫ്ളോറ'' എന്ന മനോഹരമായ പെയിന്റിംഗും കണ്ടു. 1634 ലാണ് ഈ ചിത്രം വരച്ചത്. സുന്ദരിയായ യുവതി - നഗ്നയല്ല! ധാരാളം വിലപിടിപ്പുള്ള വസ്ത്രങ്ങളിഞ്ഞിട്ടുണ്ട്. തലയിൽ പുഷ്പകിരീടം. കവിളിണകളിൽ രക്തച്ഛവി. ചുവന്ന ചുണ്ടുകളിലും കണ്ണുകളിലും ജീവനുള്ള ശരീരത്തിലുള്ളതു പോലെ നനവ്!!.

Return of the Prodigal Son എന്ന റെംബ്രാന്റ് പെയിന്റിംഗും അതിഗംഭീരം. അമ്മയുടെ മടിയിൽ മുഖമണച്ച് അമ്മയ്ക്കു മുൻപിൽ മുട്ടുകുത്തി നിൽക്കുന്ന മകൻ - 1663 ൽ വരച്ച ചിത്രം - മാതൃ - പുത്ര സംഗമം കണ്ടു കൊണ്ട് രണ്ടു പുരഷന്മാരും ചിത്രത്തിൽ ഇടംപിടിച്ചിട്ടുണ്ട്.

പെയിന്റിംഗുകളുടെ കഥയോ സന്ദർഭമോ ഒന്നും എനിക്കറിയില്ല. റഷ്യൻ ഭാഷയിൽ എന്തൊക്കെയോ എഴുതി വച്ചിട്ടുണ്ട്. ചിത്രകാരന്റെ പേരും, രചനയുടെ പേരും മാത്രമേ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളൂ.

ആട്ടിടയപ്പെൺകുട്ടി (Shepherdess), Dancing Bacchante,എന്നീ മാർബിൾ ശിൽപങ്ങൾ അതി മനോഹരങ്ങളായിരുന്നു.

വിശാലമായ ഹാളിൽ കറുത്ത പോർസലൈൻ കൊണ്ടു നിർമ്മിച്ച രണ്ടു പടുകൂറ്റൻ പാത്രങ്ങൾ കണ്ടു. ഒന്നരയാൾ പൊക്കമുള്ള സ്റ്റാൻഡിലാണ് പാത്രമിരിക്കുന്നത്. ഈ പാത്രത്തിൽ വെള്ളം നിറച്ചാൽ പ്രായപൂർത്തിയായ ഒരാൾക്ക് സുഖമായി മുങ്ങിക്കിടക്കാം.!

Hall of Art of Egypt ൽ ''മമ്മി''യുടെ പേടകങ്ങൾ കണ്ടു - മരം കൊണ്ടും, കല്ലു കൊണ്ടും നിർമ്മിച്ചവ. ഒരു ഗ്ലാസ്സ് ചേംബറിനകത്ത് ഉണങ്ങി വരണ്ട, കറുത്തിരുണ്ട മമ്മിയും കിടപ്പുണ്ടായിരുന്നു. മമ്മിയെ തോർത്തു പോലത്തെ തുണി ഉടുപ്പിച്ചിട്ടുണ്ട്. മമ്മിപ്പേടകങ്ങളിൽ പലതരം പക്ഷിമൃഗാദികളുടെ ചിത്രങ്ങളും, ഹൈറോട്ടിഗ്ലിഫിക്സ് ലിപിയിൽ എന്തൊക്കെയോ അക്ഷരങ്ങളും കൊത്തി വച്ചിട്ടുണ്ട്. ചില പേടകങ്ങളിൽ വർണ്ണശബളമായ ചിത്രങ്ങളും കണ്ടു.

കറങ്ങിത്തിരിഞ്ഞ് ഞങ്ങൾ വീണ്ടും ക്ലോക്ക് റൂമിലെത്തി.

വിക്കിപ്പീഡിയ ചില കണക്കുകൾ പറഞ്ഞു തന്നതു കേൾക്കേണ്ടേ? ഈ മ്യൂസിയത്തിൽ ഒരു വർഷം എത്തുന്ന ശരാശരി സന്ദർശകരുടെ എണ്ണം 4,200,000. ആകെ മൊത്തം ടോട്ടൽ 3 മില്ല്യൻ പ്രദർശനവസ്തുക്കൾ. ലോകത്തിലെ ഏറ്റവും പഴക്കമുള്ള കാർപ്പറ്റും, മരവണ്ടിയും ഇവിടെയുണ്ട് - പണിതത് 4th and 3rd centuries B. C

നടന്ന് നടന്ന് കാല് കഴച്ചു. ഞങ്ങൾ ക്ലോക്ക് റൂമിൽ നിന്നും കോട്ടും ബൂട്ടുമൊക്കെ തിരികെ വാങ്ങി മ്യൂസിയത്തിൽ നിന്നും പുറത്തിറങ്ങി. ധാരാളം റഷ്യൻ കൗതുക വസ്തുക്കൾ വിൽക്കാൻ ആകർഷകമായി വച്ചിരുന്നു. ജയകുമാർ കറുത്ത നിറമുള്ള, കരടിത്തോൽ കൊണ്ട് നിർമ്മിച്ചതെന്നു തോന്നിക്കുന്ന, തലയും നെറ്റിയും ചെവികളും മൂടുന്ന തൊപ്പി വാങ്ങിച്ചു. Pavlovo Posad's സ്കാർഫുകൾ കാണാനെന്തൊരു ഭംഗി!

ഞങ്ങൾ നടന്ന് നടന്ന് കടലിനടുത്തെത്തി. ജെട്ടിയിൽ ചെറുകപ്പലുകളും, ബോട്ടുകളും. ദൂരെ പീറ്റർ ആൻഡ് പോൾ ഫോർട്ട്റെസ്സും കത്തീഡ്രലും. ആകാശം കടും നീല നിറത്തിൽ കാണപ്പെട്ടു. വെയിലുണ്ടെങ്കിലും നീവാ നദിയിൽ നിന്നും, ഉൾക്കടലിൽ നിന്നും വീശുന്ന തണുത്ത കാറ്റ് അസഹനീയമായി ത്തോന്നി.

ഞങ്ങൾ കുറച്ചു നേരം ബസ്സിന്റെ ആഗമനവും പ്രതീക്ഷിച്ച്, വെയിലു കാഞ്ഞ്, തണുത്ത കാറ്റേറ്റ് അവിടെ നിന്നു. സമയം ഉച്ചയായി. അവസാനം ദൂരെ

യെവിടേയോ പാർക്ക് ചെയ്തിരുന്ന ഞങ്ങളുടെ ശകടമെത്തി. സീറ്റിലിരുന്നു കഴിഞ്ഞപ്പോഴാണ് പാവം കാലുകൾക്ക് വിശ്രമം കിട്ടിയത്.

ഞങ്ങൾ ''ജയ്ഹിന്ദ്'' റസ്റ്ററന്റിലേക്കാണ് പോകുന്നതെന്ന് നിജോ പറഞ്ഞു. ബസ്സിലിരിക്കുമ്പോൾ, പീറ്റർ ദ് ഗ്രേറ്റിന്റെ പ്രതിമ - ബ്രോൺസ് ഹോഴ്സ്മാൻ - കണ്ടു. അതിന്റെ പെഡസ്റ്റലിന് പത്തു ടണ്ണാണ് തൂക്കമെന്ന് കരീനപറഞ്ഞു.

ഹെർമ്മിറ്റേജ് തീയറ്റർ എന്ന മനോഹമായ കെട്ടിം കണ്ടു. നീലയും കറുപ്പും കലർന്ന നിറമുള്ള ഈ കെട്ടിടം കാതറിൻ ദ് ഗ്രേറ്റ് പണിയിച്ചതാണ്.

Finyland റെയിൽവേ സ്റ്റേഷനും ഞങ്ങൾ കണ്ടു. അവിടെ സാധാരണ ട്രെയ്നുകളും, അണ്ടർഗ്രൗണ്ട് മെട്രോ ടെയ്നുകളുമുണ്ടെന്ന് പൊളീനഎന്നോട് പറഞ്ഞു.

നീവാനദിയിലെ വള്ളം ശുദ്ധീകരിച്ച് നഗരത്തിലേക്ക് സപ്ലൈ ചെയ്യുന്ന പ്ലാന്റ്, മെറ്റലർജി ഫാക്ടറി, ബ്രിഡ്ജ് ഓഫ് പീറ്റർ ദ് ഗ്രേറ്റ് അഥവാ കിസ്സിംഗ് ബ്രിഡ്ജ് എന്നിവയൊക്കെ കണ്ടു. കപ്പലുകൾക്ക് സുഗമമായി കടന്നു പോകാനായി നടുവിൽ വെച്ച് രണ്ടു പാളികളായി ഉയരുകയും, കപ്പൽ കടന്നു പോയതിനു ശേഷം വീണ്ടും ഒന്നായിത്തീരുകയും ചെയ്യുന്ന പാലമാണ് കിസ്സിംഗ് ബ്രിഡ്ജ്.

മോസ്കോ ഹോട്ടലിലെ ഒന്നാം നിലയിലായിരുന്നു ജയ്ഹിന്ദ് റസ്റ്ററന്റ്. ജയ്ഹിന്ദ് കാർക്ക് സെന്റ് പീറ്റേഴ്സ് ബർഗിൽ മാത്രം മൂന്നു റസ്റ്ററന്റുകളുണ്ടെന്ന് നിജോ പറഞ്ഞു. നേവാ നദിയുടെ വളരെ അടുത്തായിരുന്നു ഈ ഭക്ഷണശാല. ഗണപതി, ആനകൾ, താജ്മഹൽ എന്നിവയുടെയൊക്കെ ശിൽപങ്ങളും വിളക്കുകളുമൊക്കെ വച്ച് ''ഇന്ത്യൻ ലുക്ക്'' വരുത്തിയിട്ടുള്ള ഭക്ഷണശാല. അകത്തു കടന്നപ്പോൾ തന്നെ ആരോ പറഞ്ഞു. ''കൊരങ്ങാ വച്ച കോഴീന്റെ മണം'' എന്ന്. ശരിയാണ്, അന്ന് കോഴിബിരിയാണീം, വെജ് ബിരിയാണീമായിരുന്നു സ്പെഷൽ. ആദ്യം ക്യൂവിൽ സ്ഥാനം പിടിച്ചവർ കോഴിയുടെ കഷ്ണങ്ങൾ സ്വന്തം പ്ലേറ്റുകളിൽ ''ആക്രാന്തത്തോടെ'' വാരിയിട്ടു. അവസാനമെത്തിയവർക്ക് റൈസ് മാത്രം. പിന്നെ അവർ കിച്ചനിൽ നിന്നും കുറച്ചു കഷ്ണങ്ങൾ കൂടി കൊണ്ടു വന്ന് അഡ്ജസ്റ്റ് ചെയ്തു. ബിരിയാണിയോടൊപ്പം, ഗോതമ്പിന്റെ പറാത്തയും, മിക്സ്ഡ് വെജ് കറിയും, റൈത്തയുമുണ്ടായിരുന്നു. എല്ലാവരും സന്തോഷത്തോടെ തട്ടിവിട്ടു. പാൽപ്പായസം കൂടി കിട്ടിയപ്പോൾ കേമമായി!

ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ ഞാൻ മ്യൂസിയത്തിൽ വച്ചു കണ്ട ഒരു പെയിന്റിംഗിനെപ്പറ്റി എന്റെ സഹയാത്രികരോടു ചോദിച്ചു - എന്റെ മൊബൈലിൽ ആ പെയിന്റിംഗിന്റെ ഫോട്ടോയുണ്ടായിരുന്നു. മദ്ധ്യവയസ്കനായ ഒരാളെ തല കീഴായി കുരിശിലേറ്റുന്ന ചിത്രം - ''ഓ അത് സെന്റ് പീറ്ററാ, ഡോക്ടറേ - ജീസസിന്റെ പന്ത്രണ്ട് അനുയായികളേയും കാലിൽ ആണി തറച്ച് തലകീഴായി കുരിശിലേറ്റിയാണ് കൊന്നത്. ജീസസിൽ പാറപോലെ ഉറച്ച വിശ്വാസമുള്ളവനായിരുന്നു പീറ്റർ എന്ന പത്രോസ്. ആ ചിത്രം എന്നെ വല്ലാതെ ഉലച്ചുകളഞ്ഞു. വേദന, ദുഃഖം, നിരാശ, അമർഷം എന്നിവയെല്ലാം കൂടിയ ഭാവമായിരുന്നു പീറ്ററിന്റെ മുഖത്ത്. അദ്ദേഹത്തിന്റെ മുഖം ചുവന്നു തുടുത്തിരുന്നു.

നമ്മുടെ - മനുഷ്യന്റെ - തലയോട്ടിയിൽ ഏറ്റവും കട്ടിയുള്ള, ഉറപ്പുള്ള എല്ലാണ് Petrous part of temporal bone. അതിനകത്താണ് കേൾവിയുടേയും ബാലൻസിന്റേയും അവയവങ്ങൾ സ്ഥിതിചെയ്യുന്നത്. പാറപോലെ ഉറപ്പുള്ള ഈ എല്ലിന് St.Peterന്റെ പേരാണ് കൊടുത്തിരിക്കുന്നത്!

ഭക്ഷണം കഴിഞ്ഞ് ബസ്സിനടുത്തെത്തിയപ്പോൾ പുതിയ ഒരു അവതാരം! പച്ച കോട്ടും കൂളിംഗ് ഗ്ലാസ്സും, ബ്രൗൺ മുടിയുമൊക്കെയായി ഒരു റഷ്യൻ സുന്ദരി. പേര് നറ്റാലിയ. പീറ്റർ ഹോഫ് പാലസാണ് ഇനി നമ്മൾ കാണാൻ പോകുന്നത്.

ഒരു ഗൈഡിന്റെ കൂടെ പരമാവധി 30 പേരെ മാത്രമേ അകത്തേക്ക് കടത്തി വി
കയുള്ളൂ. അതുകൊണ്ടാണ് പൊളിനൊരു ഗൈഡിനെക്കൂടെ കൂട്ടിയത്

പീറ്റർ ഹോഫ് പാലസിലേക്ക് 29km ദൂരമുണ്ടെന്ന് കരീന പറഞ്ഞു. ചിലർ
ക്കത്തിലേക്ക് വഴുതി വീണു. എന്റെ ആഗ്രഹപ്രകാരം എന്റെ "പതിദേവ്" (പ
ദേവ് എന്നും പറയാം) എനിക്ക് "St. Petersberg and its Environs" എ
ധാരാളം Super photos ഉള്ള പുസ്തകം വാങ്ങിത്തന്നിരുന്നു. അത് മ
നോക്കിയപ്പോൾ കൂടുതൽ വിവരങ്ങൾ കിട്ടി. അവ ചുരുക്കി എഴുതാം

വിന്റർ പാലസിൽ രാജകുടുംബാംഗങ്ങളുടെ മുറികൾക്കു പുറമേ രണ്ട് പ
കൾ, ഒരു തീയറ്റർ, മ്യൂസിയം, പൂന്തോട്ടങ്ങൾ, ടെലിഗ്രാഫ് സ്റ്റേഷൻ, ഫാർമ
ലബോറട്ടറി, ഓഫീസുകൾ, ധാരാളം പാചകശാലകൾ, [illegible]
യിലെ അറകൾ, അലക്കുന്ന തുണിയുണക്കുന്ന സ്ഥലങ്ങൾ, കുതിരാലയങ്ങ
റൈഡിംഗ് സ്കൂൾ, കുതിരവണ്ടികൾ നിർത്തിയിടാനുള്ള ഷെ
സ്റ്റാഫിനുള്ള ക്വാർട്ടേഴ്സുകൾ എന്നിവയുമുണ്ടായിരുന്നു. കൊട്ടാരത്ത
സ്ഥിരമായി 4000 ജീവനക്കാർ ഉണ്ടായിരുന്നു! ധാരാളം പട്ടാളക്കാരും


കൊട്ടാരത്തിലെ 1150 മുറികൾ, പിന്നീട് മ്യൂസിയം പണിതപ്പോൾ ഇടയ്ക്കു
ഭിത്തികളൊക്കെ പൊളിച്ച് 350 വിശാലമായ ഹാളുകളാക്കി മാറ്റി

ഹെർമ്മിറ്റേജ് മ്യൂസിയത്തിൽ 15,000 പെയിന്റിംഗുകളും, 12,000 ശിൽപങ്ങളു
6,00,000 ഗ്രാഫിക്ക് ആർട്ടുകളും, ഉണ്ടെന്നാണ് കണക്ക്. ഇവയ്ക്കെല്ലാം
കോടിക്കണക്കിനു റൂബിൾ വില വരും.

Gallery of western European painting and sculpture ആണ് ഏറ്റവും
ല്യമായി കരുതിവരുന്നത്. അവിടത്തെ ചിത്രകാരന്മാരുടെ പേരുകൾ ഇം
ഷിൽത്തന്നെ എഴുതാം - ചിലവരുടെ പേരിന്റെ ഉച്ചാരണം എങ്ങനെയാണെ
എനിക്കറിയില്ല - അതുകൊണ്ടാണ്.


Leonardo Da Vinci, Raphail, Velazquez, El Greco, Rembrandt, Rube
Titian, Van Dyck, Poussin, Watteau, Chardin, Michelangelo, Canov
Falconet, Houden, Renoir, Monet, Cizanne, Van Gogh, Gauguin, Matis
Piccasso, Rodin എന്നിവരുടെ അനുഗൃഹീത കലാവിരുതാണ് ഞങ്ങളവി
കണ്ടത്. നമ്മുടെ സ്വന്തം രാജാ രവിവർമ്മയെപ്പോലെ, കാലയവനികയ്ക്കുള്ളി
മറഞ്ഞെങ്കിലും, അവർ അനശ്വരരായിത്തീർന്നു. പ്രതിഭകളേ, നിങ്ങൾക്ക് ന
വാകം!

(തുടരു



THOUGHTS ON RASHTRA

(This is English translation of excerpts from Sri. R. Hari's interview published in the April 2021issue of the Malayalam monthly, HIRANYA.)



? "*Aham raashtri sangamani chikitushi prathamaa yajniyaanaam*" say the Vedas, which means Rashtra Devatha is foremost among the worshipful. How do you look at it?

We can find more than one deity in the Vedas. Revered Swami ji Dayananda Saraswathi, citing examples, has authentically and authoritatively established that, in spite of giving different names in keeping with the place, time and occasion, the deity is one and the same. And, viewed from this angle, when we treat Rashtra Devatha as a separate deity, it will be tantamount to accepting that it is distinct from other deities, which, I feel, is not appropriate. Now the question of justification arises. And the answer is, when we think about Rashtra discretely, the name given to that deity, which is nothing but the divine spirit, is Rashtra Devatha. It is just like invoking Agni, while offering oblations. Here, let us remember "Ekam sat" denotes the One without the second. Hence, treating Rashtra Devatha as a separate deity is not tenable. According to our concept, it is nothing but a facet of God. Only thing, when we think of Rashtra separately, our focus gets centred on it.

? Does it mean that the Vedas are stressing on the importance of the need to think about the Rashtra?

It is not merely the question of importance, but of relevance also. If we study the Vedas, we will come to realise that the Vedas have organised the whole of humanity into different groups, taking into account the needs of every individual, and also given appropriate names to such human groups. That is, if one is Samithi, another one is Sabha, the third one is Samhati, and there are Visha and Vidatha. Likewise, Grama, Janapatha, Rashtra, etc. are other

forms of organised human units formed at different places and times. If carefully analysed, we will be able to find much more meaning than what we are able to get in the Vedas at a glance. Also, these were not airtight compartments and hence prone to overlapping. For instance, Samithi, at a different place and time, may become Rashtra. That is, these were the names given to the organised units of humanity that came into being at different places and times, prompted by the survival instinct. So, Rashtra is one such organised human society, identified by the Vedas. And, while thinking about it, naturally the thought about Rashtra Devatha will also come up.

? Savarkar and Gandhiji were the faces of nationalism of the 20th century. To whom, you feel, you are nearer with regard to the concept of nationalism?

If you look into the history our renaissance, you will come to know that every nation has its own soul, has its own message to deliver, and has the commitment to deliver that message to the world. It was towards the end of the 19th century, in 1897, at Rameswaram, Swami Vivekananda propounded the doctrine, "Every nation has a message to deliver, a mission to accomplish, and a destiny to fulfil." Till then no politician had ever said that our nation had a role to play. In modern political science, not even renowned political theorists like Lasky have said that a nation has its own soul, and the nature of that nation is the manifestation of its soul, which is essential for the world. And it was Swami Vivekananda who said it first.

And it is this Rashtratva that progressively became the Rashtratva of the RSS. That is, the inspiration and source of the Sangh's Rashtratva is Swami Vivekananda. In comparison, neither Gandhi ji nor Savarkar has put forth this proposition. Every nation has a soul, which forms the foundation of that nation's message. And, as every nation has a message to deliver, all are relevant.

To speak in Swami Vivekananda's language, in a music concert, the music played by everyone has its own relevance. And, even though they were great men, Gandhi ji and Savarkar have not given this message. However, Shri Guruji, probably may be because of his association with the Swamiji's movement, has developed and presented this theory. Hence, the Sangh's Rashtratva or Rashtriyatva is akin to that of Swami Vivekananda, rather than that of Gandhi ji and Savarkar.

Swami Dayananda Saraswathi and Swami Rama Tirtha are part of it; as also Mrs. Annie Besant, a foreign lady, who said: "When nations of the Earth were sent forth one after another, a special word was given by God to which each, the word each was to say to the world, the peculiar word from the Eternal which each one has to speak." Then she continued, "To Egypt in old days the word was Religion; to Persia the word was Purity; to Chaldea the word was Science; to Greece the word was Beauty; to Rome the word was Law; and to India the eldest born of His children, He gave...." Here, after a pause, she said, "There is no translation for this word, and that word is Dharma. This is the word of India to the world, which sums up the whole in one. And this is India's nationalism." To be truthful, even Savarkar has not said it; nor has Gandhi ji! Supposing somebody is able to establish with proof that Gandhi ji has said it, I will have no hesitation in accepting it without any reservation. Because if at all Gandhi ji has said it, I will be the happiest person to acknowledge it.

In Savarkar's concept of nationalism one cannot find ay importance given to spiritualism as well as spiritual reference. But according to Swami Vivekananda, that is the most vital factor. If properly viewed, the real reason for neglecting the spiritual aspect seems to be their (Savarkar's and Gandhiji's) active involvement in politics.

? There is a general feeling that although 'Hinduism' is good, 'Hindutva' should be opposed. Is there any difference between the two? If yes, what is the difference?

Of course, there is a difference! However, the reason for the difference is due to the practice of measuring our thoughts and perceptions using the English yardstick with the advent of English education. And we get confused and our perceptions go wrong when we use the English yardstick. The words Hinduism and Hindutva are nowhere to be found in our ancient literature. However, the English, the Portugese and the Dutch, who came here, as they had no other go, had to use their own yardstick to measure us. When the followers of Jesus Christ's religious beliefs organised themselves into a group, Christianity was born. That is, the personal religious beliefs of Jesus Christ became the common belief of his followers. In the same way, the English called Islam Mohammedan-ism. In English grammar they call everything an ism. This is not confined to religion. For instance, we find the terms Macaulay-ism, Hitler-ism, etc.

However, when they applied this yardstick in India, they could reach nowhere! In Bengal if the word Durga was everywhere, in Uttar Pradesh it was Rama, and in Dwaraka everywhere it was Hare Krishna. And if they had come to South India, it would have been Mariyamma everywhere. Is there a founder for this? Christianity has a founder in the person of Jesus Christ; and Mohammed for Mohammedan-ism! So they could call these isms! However, they could trace no founder here. During those times the geographical name given to people in India was 'Hindus.' And hence their belief system was given the name 'Hinduism.' It was merely a religious name! When one says Hindutva, it is not a religion. One can say Hinduness. It shows the Hindu nature. When you say Greatness, it means state of being great. Likewise, when one says Hindutva, it means state of Hindus, which includes nature, etc. of Hindus. Even while admitting that religion is the most important aspect, we have to say Hindutva includes non-religious factors as well.

I will give an example. Generally we all speak about superstition. Here, let us skip the question whether superstition is good or bad, whether it is beneficial or not. If a cat crosses one's path, it is considered a bad omen. Not only in Kerala or Tamilnadu, people everywhere in Bharat believe in it. But do our Vedas and Upanishads contain any mention about it? So, the superstition has absolutely nothing to do with religion. However, the superstition being prevelant all over Bharat, it is common to all Hindus. Is this belief of Hindutva part of Hinduism? Never! It is alien to Hinduism.

Now let us take another practice prevalent in Bharat, which has nothing to do with superstition. There is a practice in which, while weighing or measuring a commodity, adding a bit more to the weighed or measure quantity. In Ernakulam, they call it waash. There is no compulsion that waash should be given.

If you buy some groundnuts from a trader in Tamilnadu, he will add a few more groundnut seed to the quantity bought. If he refuses to give the additional seeds we don't have any legal right to claim it. But we find even the illiterate and blind following this practice. In Tamilnadu, this practice is called kosara; it is kosaru in Kannada and Telugu; jumga in Uttar Pradesh; in Bengal, it is howaa. And this practice is prevalent everywhere in Bharat. Is there any scripture which sanctions this practice? Is it said in the Durga Saptashati? Has it been mentioned in the Ramayanam of Thunchathu Ezhuthachan? Can one find it in the Bhagavat Gita? The answer will be an emphatic no! Then what is the basis of this

practice? The practice has been in vogue from time immemorial and continues even now. So, this is Hindutva. This practice is not followed outside Bharat. Is it a part of religion? No! Hence, it is not Hinduism.

After bathing a child, to protect it from evil eye, a black mark is applied on its cheek. This practice also is prevalent all over Bharat in different names. It is known as thidouna in Hindi. In Goa, it is galgott. Supposing someone asks in which scripture this practice has been prescribed, there will not be any answer. However, it is part of Hindu life. It is for this reason our Supreme Court had to say that Hindutva is not a religion but a way of life. It is not that Hindutva is not a religion for the reason that the Supreme Court has said so. On the contrary, the Supreme Court had to say it because it has never been a religion. Then, what is meant by Hindutva is the general nature of Hindus. It is not Hinduism.

In fact, by Hinduism we mean Hindu religions. In my opinion, to translate Hinduism as Hindu religion is not correct. We must always use plural and say Hindu religions. There is no single Hindu religion. Hinduism is a conglomeration of different religions. However, Hindutva includes even things that are irreligious. Even Charvaka is part of Hindutva. And hence Jawaharlal Nehru in his Autobiography said, "No one in India will have the courage to claim that irreligious Charvaka is not a Hindu."

So, Hindutva is not Hinduism. If Hindutva is called Hinduness there will be less confusion. While talking, rather than using Sanskrit word for one and English word for the other, we must use the words Hinduism and Hinduness. Or else, say Hindu religions and Hindutva.

? So, is it that those who think that Bharatiyas do not have a common nature feel that Hindutva should be opposed? Or, is it that they say so because of their ignorance?

Bharat has a common nature is an incontrovertible truth. And Bharat's common nature is Bharatiyatva. However, when we say Bharatiyatva, the root word is Bharat. Bharat is a land. Is it not the name- popular name – of the people instrumental in the evolution of this common nature Hindu? So, when it comes to the name of the people, that common nature is called Hindutva. At the same time, when thinking in terms of the land where these people grew, matured and prospered, then it is Bharatiyatva. So, in fact, Bharatiyatva and Hindutva are one and the same. Let me give a good example of it. Bharat is also known as India. Dr. S. Radhakrishnan has given the

name, 'Indian Philosophy,' to his book on six systems of Bharatiya Darshana. And the name given to its Malayalam translation is 'Bharatiya Darshanam.' Now the question is will any Muslim or Christian living in India claim Bharatiya Darshana as his own heritage. So, when it comes to the question of who among the people living in Bharat will come forward to claim Bharatiya Darshana as their own heritage, only non-Christian, non-Muslim people - Hindus - will do so!

So, in fact, both are one. If the origin of the word Hindutva can be traced to the society, the root of the word Bharatiyatva can be traced to the geographical unit, Bharat. Now, coming to your question, we cannot be sure why they are saying so. Is it because of ignorance, or intentionally, or due to lack of pride, we can't say. May be, it is because of ignorance. However, even after realising the fact, if they feel that Hindutva is communal, it is bad and parochial, and hence should be shun, and for that reason hey accept Bharatiyatva, that approach is not correct. It is not appropriate to accept one after rejecting the other.

Now-a-days we find a peculiar type of inferiority complex among the people. For instance, we find youngsters, who, after their marriage, instead of introducing their spouses in their own language, introducing them, saying in English, "This is my wife." The wife, on her part, instead using her own language, will say,"He is my Hus!" It is because they feel it is below dignity to speak in their own language. Likewise, if it is because of some mental reservation to utter the word Hindutva someone is avoiding the words Bharatiyata and Hindutva, it must be either because of his inferiority complex or lack of courage!

FAITH AND FATE : ഒരു തിരിച്ചറിവ്

Prabha Pradeep

"Death is often inevitable & tragic, but more tragic is what dies inside us when we are alive"

Norman Cousins.

Paras medical books പ്രസിദ്ധീകരിച്ച Dr. G. Ganapathi Raoവിന്റെയും Dr. K.R. Girijaയുടെയും "Faith & Fate Hidden Hands in Medicine" എന്ന പുസ്തകത്തിലെ പത്താമത്തെ അദ്ധ്യായം, "Tragedy on Ramzan Day" അവസാനിക്കുന്നത് അമേരിക്കൻ എഴുത്തുകാരനും, പൊളിറ്റിക്കൽ ജേർണലിസ്റ്റുമായ Norman Cousins ന്റെ വാക്കുകൾ ഉദ്ധരിച്ചു കൊണ്ടാണ്.....

55 വർഷങ്ങൾക്കുമേലെ വൈദ്യശാസ്ത്ര രംഗത്ത് പ്രവർത്തിച്ച ഡോ.റാവുവിന്റെ പുസ്തകം വായിച്ചത് ഈയിടെയാണ്. വളരെ ലളിതമായി സാധാരണക്കാർക്ക് വായിക്കാനും മനസ്സിലാക്കാനും കഴിയുന്ന രീതിയിലാണ് ആംഗലേയ ഭാഷയിലുള്ള പുസ്തക അവതരണം. ആ പ്രാഗത്ഭ്യത്തിനും അനുഭവത്തിനും മുമ്പിൽ നമിച്ചു കൊണ്ട് തുടങ്ങുന്നു.

1965ൽ തന്റെ വൈദ്യശാസ്ത്ര പഠനം തുടങ്ങിയ കാലം തൊട്ട് 2018 ൽ Amrita Institute of Medical Scienceൽ നിന്നും വിരമിക്കുന്നതുവരെയുള്ള വൈദ്യരംഗത്തെ തന്റെ പ്രവൃത്തി പരിചയവും, അനുഭവവും വളരെ ആത്മാർത്ഥമായിട്ടാണ് ഓരോ അദ്ധ്യായത്തിലും ഡോക്ടർ വിവരിക്കുന്നത്.

സമൂഹത്തിലെ എല്ലാ ജനവിഭാഗത്തിന്റെ പ്രശ്നങ്ങളും, ആശങ്കകളും, നിസ്സഹായാവസ്ഥയും ഈ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്.

റംസാൻ മാസത്തിൽ തരിക്കഞ്ഞി ഉണ്ടാക്കിക്കൊണ്ടിരിക്കേ, കഞ്ഞിക്കലത്തിൽ വീണ് മരണമടഞ്ഞ അപസ്മാര രോഗിയും (Ch.10)

മാരമകായ Jevenile rheumatoid ന് അടിമപ്പെട്ട്. ദുർഘടമായ അസുഖത്തോട് മല്ലിട്ട് തന്റെ ബാല്യവും കൗമാരവും നഷ്ടപ്പെട്ട 14 കാരിയും (Ch.12) മനസ്സിനെഒരുപാട് സ്പർശിക്കുന്നുണ്ട്.

രണ്ടു മതസ്തരായതിനാൽ മാതാപിതാക്കളുടെ എതിർപ്പിനെഅവഗണിച്ച് ജീവിതം തുടങ്ങിയ രണ്ടുപേർ. അഞ്ചും എട്ടും പ്രായമുള്ള രണ്ടു കുഞ്ഞുങ്ങളുടെ മാതാപിതാക്കൾ.... ജീവിതം സുന്ദരമായി നീങ്ങിക്കൊണ്ടിരിക്കെ വില്ലനായി ഈ ഭാര്യയുടെ. അമ്മയുടെ ജീവിതത്തിൽ കടന്നു വന്നു malignant tumour -glioma of the brain, ഒരു ദയയും കൂടാതെയാണ് ഈ ഭർത്താവിൽ നിന്നും, ഈ കുഞ്ഞുങ്ങളിൽ നിന്നും അവരെ തട്ടിയെടുത്തത്. എന്നാൽ അവസാനവേളയിൽ രണ്ടു പേരുടെയും കുടുംബാംഗങ്ങൾ ഓന്നാകുകയും അവർക്ക് സാന്ത്വനം ആകുകയും ചെയ്തിരുന്നു(Ch.4).

നിസ്സഹായതയുടെ അനേകം അനുഭവങ്ങൾക്കൊപ്പം തന്നെ മനോധൈര്യം കൈവിടാതെ, ധീരമായി തങ്ങളുടെ അസുഖത്തോട് മല്ലിട്ട് മുന്നോട്ട് വന്ന അനേകം പേരുടെ അനുഭവങ്ങളും എടുത്തു പറയു

ന്നുണ്ട്. ഡോക്ടർമാരെ വരെ ഞെട്ടിച്ച് ജീവിതത്തിലേക്ക് തിരികെ എത്തിയവർ (miracles do happen ch. 23.1) ഭഗവാൻ അയ്യപ്പനിൽ പൂർണ്ണമായി തന്നെ അർപ്പിച്ച് Guillian Barre Syndrome അതിജീവിച്ച തമിഴ്നാട്ടുകാരൻ. അനേകം പേരുടെ അനുഭവങ്ങൾ പകർത്തിയ പുസ്തകമാണ് Faith & Fate. അടുത്ത നിമിഷം എന്തും സംഭവിക്കും എന്ന് പ്രവചിക്കാൻ കഴിയാത്ത ജീവിതം. അത്ഭുതപ്പെടുത്തുന്ന ജീവിതാനുഭവങ്ങൾ.

Faith & Fate ലെ 19-ാം അദ്ധ്യായത്തിൽ പരാമർശിച്ച സത്യത്തിന്റെ വ്യാപ്തി വളരെ വലുതാണ്.

"In the present day where Consumer Protection Act is in practice, the whole values of medical profession are slowly eroded. The trust & rapport between the docor & patient is replaced by fear of litigation. In older days the patients considered doctors as GODS. Those days are gone with the advent of social medias, google, etc...., some genuinely true, some highly misleading makes ones life more complicated".

ഒരു രോഗി ഒരു ഡോക്ടറുടെ അടുത്ത് എത്തുന്നത്, തന്റെ രോഗാവസ്ഥക്കു ഒരു ശമനം എന്നതിലുപരി കരുണയോടെയുള്ള ഒരു നോട്ടം, ഒരു തലോടൽ, എന്നിവക്ക് വേണ്ടിട്ട് കൂടിയാണ് എന്നതാണ് സത്യം.

ഇന്നു വളരെ ചുരുക്കം പേരിൽ നിന്നാണ് ആ സാന്ത്വനം ലഭിക്കുന്നത്.

ഈ അവസരത്തിൽ കോഴിക്കോട് PVS ആശുപത്രിയിലെ Senior Consultant Physician ആയ ഡോക്ടർ P.K. Sashidharan Sir നോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. ദേഹാസ്വാസ്ഥ്യം കൊണ്ട് ക്ഷീണിതനായ എന്റെ ഭർതൃപിതാവിനെഡോ. റാവുവിന്റെ നിർദ്ദേശപ്രകാരമാണ് 2020 നവംബർ 30ന് പി.വി.എസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഡോക്ടർ ശശിധരൻ സാറിന്റെ നേതൃത്വത്തിലായിരുന്നു ചികിത്സ. വളരെ അവശനായിരുന്നു. എങ്കിലും അവർ അദ്ദേഹത്തെ ICU ൽ കൊണ്ട് പോയിരുന്നില്ല. മുറിയിൽ തന്നെ എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിരുന്നു. അതു കൊണ്ടു തന്നെ ആശുപത്രി മുറിയിൽ മൂന്ന് ആൺമക്കൾ തന്നെയായിരുന്നു അദ്ദേഹത്തിന്റെ കാര്യങ്ങൾ നോക്കിയിരുന്നത്. ഇവരെ സഹായിക്കാൻ ആശുപത്രിയിലെ മാലാഖമാരും, മറ്റുള്ളവരും കൂടെയുണ്ടായിരുന്നു. ഭക്ഷണം കഴിക്കാതിരുന്നത് മാത്രമായിരുന്നു അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിക്കാനുള്ള പ്രധാനകാരണം. 'നിങ്ങളുടെ സാന്നിധ്യമാണ് അച്ഛന്റെ ധൈര്യവും ശക്തിയും' എന്ന് ഡോക്ടർ പറയാറുണ്ടായിരുന്നു. അത്യാസന്ന നിലയിൽ ആശുപത്രിയിൽ എത്തുന്ന രോഗിയെ നേരെ ICU വിലേക്ക് കൊണ്ട് പോകുന്ന പ്രവണത മിക്ക ആശുപത്രികളിലും കാണാറുണ്ട്. അതിൽ നിന്നു വിഭിന്നമായി അദ്ദേഹത്തെ മുറിയിൽ

തന്നെ നേരിട്ട് പ്രവേശിപ്പിക്കുകയാണ് ചെയ്തത്. ശശിധരൻ സാറിനോടുള്ള കടപ്പാട് അത്രക്കുണ്ട്.

ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തതിനുശേഷം ഒരാഴ്ച പിന്നിട്ട്, ഡിസംബർ 14/2020 ന് എന്റെ ഭർതൃപിതാവ് നിര്യാതനായി.

Faith & Fate ലെ 19-ാം അദ്ധ്യായം വായിച്ചപ്പോൾ മനസ്സിൽ ചേക്കേറിയ നന്മമരത്തെക്കുറിച്ച് ഒന്ന് ഓർത്തു. തോൽവിക്ക് മുമ്പിൽ പകച്ച് ജീവിതം അവസാനിപ്പിച്ചവർ, ഭൂമി കൈക്കുമ്പിളിൽ എന്ന് കരുതി അഹന്തയുടെ കൊടുമുടി കീഴടക്കിയവർ, ഞാൻ എന്ന അഹം സന്തതസഹചാരിയാക്കിയവർ, അങ്ങനെപലതരത്തിലുള്ള ജീവിതങ്ങൾ നേരിട്ട് കാണേണ്ടി വന്ന തന്റെ 55 കൊല്ലങ്ങൾക്കു മേലെയുള്ള ജീവിത പാഠങ്ങളാണ് Faith & Fate എന്ന പുസ്തകത്തിന്റെ കാതൽ.

55 വർഷങ്ങൾക്കു ശേഷം 2018ൽ ആരോഗ്യ മേഖലയിൽ നിന്നും വിരമിച്ച ഒരു ഡോക്ടറുടെ, അനുഭവങ്ങളുടെ സത്യസന്ധമായ തുറന്നു പറച്ചിലാണ് ഈ പുസ്തകം.

5 വർഷങ്ങൾക്ക് മുമ്പ് Aorto Profonda Femoris Graftingന് വിധേയനാകേണ്ടി വന്ന ഒരു വ്യക്തി കൂടിയാണ് ഈ പുസ്തക രചയിതാവ്.

ഈ പുസ്തകത്തെപ്പറ്റി അധികം പറയാൻ എനിക്കർഹതയില്ല. 55 വർഷങ്ങൾക്കു മേലെ ആരോഗ്യ രംഗത്ത് അനുഭവ പരിജ്ഞാനമുള്ള ഡോക്ടർക്ക് മുമ്പിൽ ഞാൻ ആരും അല്ല, ഒന്നും അല്ല. എന്നിലെ ഞാൻ എന്ന അഹത്തെ ശമിപ്പിക്കാൻ ഈ പുസ്തകത്തിന് ഒരു പരിധി വരെ കഴിഞ്ഞു എന്നതാണ് വാസ്തവം.

ഒരു മനുഷ്യനെമാറ്റാനോ, തിരുത്താനോ ആർക്കും കഴിയില്ല. അത് അവനവനു മാത്രമേ കഴിയൂ. ഉദ്ധവ ഗീതയിൽ ഭഗവാൻ പറയുന്നുണ്ട് " അവനവന്റെ കർമ്മത്തിന്റെ ഫലം അവനവനിൽ മാത്രം നിക്ഷിപ്തമാണ്. അതിന് വേറെ ആരും ഉത്തരവാദികളല്ല. ഞാൻ വെറും സാക്ഷി മാത്രം."

എത്ര കൊല്ലം ജീവിച്ചു എന്നതിൽ ഉപരി എങ്ങനെജീവിച്ചു എന്ന പരമാർത്ഥം ഞാൻ തിരിച്ചറിയുന്നു.

ജീവിതം വെറും നീർക്കുമിള എന്ന സത്യം തിരിച്ചറിയാതെ മനുഷ്യൻ എന്തിനോ വേണ്ടി വാശി പിടിച്ചിരിക്കുന്നു.

നന്ദി, ഡോക്ടർ.... ഈ പുസ്തകത്തോട്, അങ്ങയോട്, മഹാ പ്രപഞ്ചത്തോട്.............

"The earth is not my home........., Just passing by".....

पत्तो बदलप

Shri.G.NARENDA BHAT
C/o.P.K.Subramanyan
5/1552 - D,"Souparnika"
Balan K.Nair Road
Near X-IAN College
Ashokapuram
KOZHIKODE - 673 001

जनन

Smt.Kavitha Prabhu,wife of Shri.Varun R.Mallya,a Life Member of the Sabha gave birth to a baby boy on 30th March 2021.The child has been named " VIVAAN".


ब्रह्मोपदेशम

The Brahmopadesham Ceremony of Chiranjeevi TARUN,son of Smt. Divya S. Prabhu and Shri. Sarvotham S. Prabhu and Grandson of Smt.Shobha and late Sathish S. Prabhu & Smt.Sashikala and Shri.V.Surendra Naik was performed on 25th April 2021 at Shree Sukrthindra Kalamandir, Calicut.

കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം 2020



മികച്ച കൊങ്കണി സാഹിത്യ കൃതിക്കുള്ള ഈ വർഷത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരത്തിന് ആർ. എസ്. ഭാസ്കർ അർഹനായി. ''യുഗപരിവർത്തനാചൊ യാത്രി'' എന്ന കവിതാ സമാഹാരമാണ് പുരസ്കാരം നേടിക്കൊടുത്തത്.



മികച്ച കൊങ്കണി ബാലസാഹിത്യത്തിനുള്ള ഈ വർഷത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം വി. കൃഷ്ണവാദ്ധ്യാരുടെ ''ബാലു'' എന്ന കൃതിക്ക് ലഭിച്ചു.



USHA J.PRABHU(86),wife of late V. Jagannatha Pr
passed away on 1st April 2021.She is survived b
sons,Shri.Pradeep J.Prabhu,Shri.Prakash J.Pra
daughter,Smt.Anitha B.Rao,daughters in
Smt.Deepthi P. Prabhu,Smt. Asha Rani P. Prabhu
son in law Shri.K.Babu Rao.




K.P.SANTHOSH KUMAR(63),a Life Member o
Sabha passed away on 13th April 2021.He is surviv
his daughter, Smt.Poornima and so
law,Shri.Mathew,Bengaluru



A.GOPINATH KAMATH(71),son of late M.Ana
Kamath and brother of Shri.A. Muralidhar Rao.C
passed away on 14th April 2021.



D.SASHIDHAR SHENOY(63),son of late Prabha
late A.Devadas Shenoy passed away on 9th
2021.He is survived by his sisters,Smt. Rita D. Sh
Smt.Shylaja D.Shenoy,Smt.Sudha Kamath,
Sumana Prabhu, brother, Shri D Gopalakri
Shenoy, brothers in law, Shri.Durgadas Shenoy
Suresh,Shri. Dilip Kamath,Kochi,Shri.Santhosh Pr
Mangaluru.



SUNITHI S.RAO(88), wife of late S.Surendra
passed away on 17th May 2021.She is survived b
sons,S.Nithyanandan, founding Secretary of the
arthi Vibhag of the Sabha, S.Ashok, a former Sec
of the Sabha and daughter in law, Smt.Shylaja P



V.MOHAN PRABHU(68),a Life Member of the S
passed away on 25th May 2021.He is survived b
wife,Smt.Ragini M. Prabhu,sons,Shri.Vinod

Offering heartfelt condolences to the bereaved family me

KONKANI BHASHA PRACHAR SABHA

COCHIN - 682 002

Confering the title "SATAKA KAVI"
on Narayana Purushothama Mallaya, Padmasri Awardee

Comparative Indian Literature edited by Dr. K.M. George the Silver Jubilee project of Kerala Sahitya Akademi, Trichur in its publication on Vol. I Page 276 makes mention as regards Satakas. It states that "Any discussion of traditional poetry in Sanskrit would be incomplete without an account of the excellent lyrical poetry in Sanskrit and collections of beautiful stray verses that go under the name Saṭakam. It adds that Satakam is a poetical form in hunderd verses mostly written in Sanskrit describing in full one particular topic. Sanskrit poets have always shown an uncommon skill in painting a full picture in a verse. Collection of such verses reveal craftmanship of the highest order as well as sincerity of emotion that is every appealing. The famous poets who wrote Satakams in Sanskrit and earned everlasting fame are Bhartruhari(650), Amaru (earlier than (650), Bana and Mayura. Also there are poets Jayadeva (1206), Bhallata, Atreya Srinivas, Vancheswara Alias Kutty Kavi of Tanjore, Jagamata Pandit Visveswara, Satyavrita Singh, Nilakanta Sarma, V. Sundara Sarma and Kapali Sastri of Pondicherry who wrote 14 Satakas.

In Kannada poet who composed Satakam is Maggaya Mayideva (c.1430) is in the varguard. He wrote 3 Satakams.

In Telugu Vrsadhipa Satakam is the first available Satakam containing all the characteritic features of a Satakam.

In Malayalam Saint Narayana Guru composed Sivasatakam and Atmopadesasatakam.

As regards Konkani 15 Satakams the highest in number were composed by Narayana Purushotham Mallaya Padmari Awardee and former Senate Member of Mahatama Gandhi University, Kottayam.

All the Satakams carry translations in English in order to make people know what is written in the Satakams. The composer of Satakams Narayana Purushotham Mallaya deserves to be awarded the Honorific title Sataka Kavi poet who wrote Satakams.

The Sahitya Vibhag of Konkani Bhasha Prachar Sabha, Kochi hereby do confer on this day 21st day of March 2021 on Narayana Purushothama Mallaya, Cochin Padmasri Awardee the title for his work "Sataka Kavi" rare of the rearest and first to receive the title for the outstanding contribution of composing of Satakams poetical form in hundred verses in Konkani Language.

खास दीस

JUNE 2021

11 Friday	: Jeshta Maasa - Greeshma Rithu Aaramb
14 Monday	: Mithuna Samkramanam
15 Tuesday	: Panchami Naagaabhisheka pooja
21 Monday	: Ekadashi
23 Wednesday	: Vada Savithri Vrtham
24 Thursday	: Pournami
27 Sunday	: Sankashta Chathurthi, Chandrodayam at 9.44pm

JULY 2021

5 Monday	: Ekadashi
10 Saturday	: Amaavasi, Jeshta Maasa Avasaanam
11 Sunday	: Aashaada Maasa Aarambham
15 Thursday	: Panchami Naagaabhisheka pooja
16 Friday	: Karkadaka Samkramanam
17 Saturday	: Dakshinaayana Aarambham

आभार: श्री पाण्डुरंगा

Printed & Published by K. Surendra Rao, Sooraj Jewellers, Kamath [illegible]
for Samyuktha Gowd Saraswath Sabha, Calicut. Ph 2701420
Editor K. Surendra Rao (Editor responsible for selection of news [illegible] PRB Act
Printed at Kamala Offset, Calicut

RNI No. 29569/79 SARASWATHVANI Registered No: KL / CT / 104/ 202
Date of Publication: 01-06-20